Downloaded from: https://textbooksall.blogspot.com/

# ടീച്ചിംഗ് മാന്വൽ

**ക്ലാസ് :7** **തീയതി :**

**വിഷയം :** **പിരീഡ് :**

**യൂണിറ്റ് : 02** മധ്യകാല ഇന്ത്യ സാംസ്കാരിക സ്ഥാപനങ്ങൾ

**പഠന ലക്ഷ്യങ്ങൾ**

🌈മധ്യകാല ഇന്ത്യയിലെ ഭക്തിപ്രസ്ഥാനത്തിന്റെ വിവിധ ധാരകളുടെ സവിശേഷതകൾ, പ്രചാരകർ അവരുടെ ആശയങ്ങൾ എന്നിവ തിരിച്ചറിയുന്നതിന്

🌈സൂഫി പ്രസ്ഥാനത്തിന്റെ സവിശേഷതകൾ തിരിച്ചറിയുന്നതിന്

🌈ഭക്തി - സൂഫി ആശയങ്ങൾ സമൂഹത്തിൽ ചെലുത്തിയ സ്വാധീനം വിശകലനം ചെയ്ത് വിലയിരുത്തുന്നതിന്

**ആശയങ്ങൾ/ ധാരണകൾ**

🌈ഭക്തിപ്രസ്ഥാനം

🌈ദക്ഷിണേന്ത്യൻ ഭക്തിപ്രസ്ഥാനം- സവിശേഷതകൾ

🌈 ഭക്തിപ്രസ്ഥാനത്തിന്റെ പ്രചാരകർ

-ബസവണ്ണ

-കബീർ

-ഗുരുനാനാക്ക്

🌈 ഭക്തി പ്രസ്ഥാനത്തിലെ സ്ത്രീ സാന്നിധ്യങ്ങൾ

🌈 ഭക്തിപ്രസ്ഥാനത്തിന്റെ ഫലങ്ങൾ

🌈 സൂഫി പ്രസ്ഥാനം

🌈 പ്രാദേശിക ഭാഷകളുടെ വളർച്ച

🌈 ഭക്തി -സൂഫി ആശയങ്ങളുടെ സ്വാധീനം

**പ്രക്രിയശേഷികൾ**

-നിഗമനങ്ങൾ രൂപീകരിക്കൽ

-സാമൂഹ്യ നിരീക്ഷണം

-താരതമ്യം

visit: https://textbooksall.blogspot.com/

Downloaded from: https://textbooksall.blogspot.com/

-യുക്തിപരമായ വ്യാഖ്യാനം

-നിലപാട് സ്വീകരിക്കൽ

**മൂല്യങ്ങൾ/ മനോഭാവങ്ങൾ**

🌈 മതനിരപേക്ഷത, സമത്വം എന്നീ ഭരണഘടനാ മൂല്യങ്ങൾകുട്ടികളിൽ വളർത്തുക

🌈മതസൗഹാർദ്ദം ഉറപ്പാക്കുകവഴി സംഘർഷങ്ങളും ഇത്തരം സംഘർഷങ്ങൾക്ക് വഴിതെളിക്കുന്ന സാഹചര്യങ്ങളും ഒഴിവാക്കുക.

🌈 ശാന്തിയുടെയും സമാധാനത്തിന്റെയും സൗഹൃദത്തിന്റെയും സാധ്യതകൾ പരിചയപ്പെടുത്തുക

🌈 വ്യത്യസ്ത സാമൂഹ്യ സാംസ്കാരിക പ്രസ്ഥാനങ്ങളിലെ ഐക്യത്തെയും സങ്കലനത്തെയും ബഹുമാനിക്കുക.

🌈 ബഹുസ്വരത, നാനാത്വത്തിൽ ഏകത്വം,മനുഷ്യന്റെ അന്തസ്സിനോടുള്ള ബഹുമാനം

**പഠന സാമഗ്രികൾ**

ചിത്രങ്ങൾ ,വീഡിയോ , ഭൂപടം ,ചാർട്ട്

റഫറൻസ് ബുക്സ് പാഠപുസ്തകം അധ്യാപക സഹായി

ഐ സിടി ഉപകരണങ്ങൾ. പ്രവർത്തനക്കാർഡ്

**പ്രതീക്ഷിത ഉത്പന്നങ്ങൾ**

പട്ടിക ,കുറിപ്പ് ,ആൽബം ,പൂരിപ്പിച്ച പ്രവർത്തനക്കാർഡ്, സെമിനാർ റിപ്പോർട്ട്

| പ്രക്രിയ | വിലയിരുത്തൽ |
|---|---|
| പെരുമാൾ തുരുമൊഴി' എന്ന കൃതിയിലെ ഒരു ഭാഗം പ്രദർശിപ്പിക്കുന്നു /വായിക്കുന്നു.പേജ് 25.<br>ഈ വരികളിലൂടെ നിങ്ങൾക്ക് ലഭിക്കുന്ന ആശയം എന്താണ്?<br>പേജ് 25 വായന<br>ഉത്തരം കണ്ടെത്തൂ...<br>എന്താണ് ഭക്തിപ്രസ്ഥാനം?<br>കുട്ടികളെ മൂന്ന് ഗ്രൂപ്പുകൾ ആയി തിരിക്കുന്നു.<br>താഴെപ്പറയുന്ന ഉപാശയങ്ങൾ രേഖപ്പെടുത്തിയ ടാസ്ക് കാർഡുകൾ ക്രമീകരിക്കുന്നു<br>ഗ്രൂപ്പ്1:ഭക്തിപ്രസ്ഥാനത്തിന്റെ ആവിർഭാവത്തിന് വഴിതെളിച്ച സാഹചര്യങ്ങൾ<br>ഗ്രൂപ്പ് 2:ഭക്തിപ്രസ്ഥാനത്തിന്റെ സവിശേഷതകൾ<br>ഗ്രൂപ്പ് 3:ഭക്തിപ്രസ്ഥാനത്തിലെ പ്രധാന കവികളും അവരുടെ രചനകളും പ്രത്യേകതകളും<br>ഓരോ ഗ്രൂപ്പിൽ നിന്നും ഓരോ ആൾ വന്ന് ഒരു കാർഡ് വീതം എടുക്കുന്നു. തങ്ങളുടെ | |

visit: https://textbooksall.blogspot.com/

Downloaded from: https://textbooksall.blogspot.com/

| | |
|---|---|
| ഗ്രൂപ്പിന് കിട്ടിയ കാർഡിലെ വിവരങ്ങൾ പുസ്തകത്തിൽ നിന്ന് കണ്ടെത്തുന്നു.ഇങ്ങനെ മൂന്ന് ടാസ്ക് കാർഡുകളും ആദ്യം പൂർത്തിയാക്കുന്ന ഗ്രൂപ്പ് വിജയികളാകുന്നു.<br>ഗ്രൂപ്പിൽ നിന്ന് ഓരോരുത്തർ വീതം അവതരിപ്പിക്കുന്നു തുടർന്ന് മൂന്നു ഗ്രൂപ്പുകളും ദക്ഷിണേന്ത്യൻ ഭക്തിപ്രസ്ഥാനം അന്നത്തെ സാമൂഹിക വ്യവസ്ഥയിൽ വരുത്തിയ മാറ്റങ്ങളെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുന്നു.ഓരോ ഗ്രൂപ്പിൽ നിന്നും ഒരാൾ വീതം അവതരിപ്പിക്കുന്നു.<br>സ്വയം വിലയിരുത്തൽ<br>പരസ്പരം വിലയിരുത്തി കുറിപ്പുകൾ മെച്ചപ്പെടുത്തൽ.<br>ഗ്രൂപ്പ് 1 ടാസ്ക് അവതരണം. ടീച്ചർ അനുബന്ധ ചോദ്യങ്ങൾ ചോദിക്കുന്നു<br>ഭക്തി പ്രസ്ഥാനത്തിലേക്ക് ആളുകൾ ആകർഷിക്കാൻ കാരണമെന്ത്?.<br>ഗ്രൂപ്പ് 2 അവർക്ക് കിട്ടിയ ടാസ്ക് കാർഡുമായി ബന്ധപ്പെട്ട കാര്യങ്ങൾ അവതരിപ്പിക്കുന്നു.<br>പേജ് 26, 27<br>ദക്ഷിണേന്ത്യൻ ഭക്തിപ്രസ്ഥാനം വായന<br>ദക്ഷിണേന്ത്യൻ ഭക്തി പ്രസ്ഥാനത്തിന്റെ സവിശേഷതകൾ എന്തെല്ലാം?<br>ഭക്തിപ്രസ്ഥാനം ഒരു ജനകീയ പ്രസ്ഥാനമായി രൂപം കൊണ്ടത് ഏത് സംസ്ഥാനത്താണ്?<br>ദക്ഷിണേന്ത്യൻ ഭക്തിപ്രസ്ഥാനം അന്നത്തെ സാമൂഹ്യവ്യവസ്ഥയിൽ എന്തെല്ലാം മാറ്റങ്ങൾ ഉണ്ടാക്കി? കുറിപ്പ് തയ്യാറാക്കൂ...<br>ആഴ്വാർമാരുടെ രചനകൾ ഏത് പേരിലാണ് അറിയപ്പെട്ടിരുന്നത്?<br>നായനാർമാരുടെ രചനകൾഏത് പേരിലാണ് അറിയപ്പെട്ടിരുന്നത്?<br>ഗ്രൂപ്പ് 3 അവർക്ക് കിട്ടിയ ടാസ്ക് കാർഡുമായി ബന്ധപ്പെട്ട കാര്യങ്ങൾ അവതരിപ്പിക്കുന്നു.<br>പേജ് 27 വായന<br>ഭക്തിപ്രസ്ഥാനത്തിലെ പ്രധാന കവികൾ വായന<br>ഭക്തിപ്രസ്ഥാനത്തിലെ പ്രധാന കവികൾ ആരൊക്കെ?<br>**പ്രവർത്തനക്കാർഡ് -1** വിതരണം<br>പൂരിപ്പിക്കൽ<br>പാഠഭാഗം പേജ് 29 നിരീക്ഷിക്കാൻ ആവശ്യപ്പെടുന്നു?<br>ആരായിരുന്നു ബസവണ്ണ?<br>പേജ് 28 വായന<br>ഉത്തരം കണ്ടെത്തൽ<br>. പേജ് 28 അനുഭവമണ്ഡപം വായന<br>ടി ബി പേജ് 28 ചിത്രീകരണം<br>വ്യക്തിഗത വായന<br>ചിത്രീകരണം സംഭാഷണ രൂപത്തിൽ എഴുതൽ | |

visit: https://textbooksall.blogspot.com/

Downloaded from: https://textbooksall.blogspot.com/

റാൻഡം അവതരണം.
പന്ത്രണ്ടാം നൂറ്റാണ്ടിൽ ബസവണ്ണ സ്ഥാപിച്ച
ആത്മീയ ചർച്ചാവേദി
ബസവണ്ണയുടെ അനുഭവമണ്ഡപത്തിലെ
ചർച്ചയിൽ ഉയർന്നുവന്ന ആശയങ്ങൾ
ഏതുപേരിലാണ് അറിയപ്പെടുന്നത്?
ഇതിൽ നിന്നും അക്കാലത്തെ
സാമൂഹികാവസ്ഥയെക്കുറിച്ച് നിങ്ങൾക്ക്
എന്തെല്ലാം മനസ്സിലായെന്ന് എഴുതൂ.....
ജാതീയമായ വിവേചനങ്ങൾ നിലനിന്നിരുന്നു.
ബസവണ്ണ സ്ഥാപിച്ച സംഘടന ഏത്?
വീരശൈവ പ്രസ്ഥാനത്തിന്റെ പ്രധാന
പ്രവർത്തനങ്ങൾ എന്തൊക്കെയായിരുന്നു?
ബസവണ്ണയുടെ സന്ദേശങ്ങൾ വായന
പോസ്റ്റർ തയ്യാറാക്കൽ
പ്രദർശനം
വീരശൈവ പ്രസ്ഥാനം ജാതിവ്യവസ്ഥയേയും
ഉസമത്വങ്ങളേയും ചോദ്യം ചെയ്തിരുന്നു. ഈ
പ്രസ്താവന വിലയിരുത്തുക.
കബീർ : മാനവമൈത്രിയുടെ പ്രചാരകൻ
പേജ് 29 ലെ കവിതാശകലം, പേജ് 30 ലെ
കഥാഭാഗം വ്യക്തിഗത വായന
തുടർന്ന് പേജ് 31 ലെ പ്രവർത്തനം
പൂർത്തിയാക്കൽ.
കബീർ തന്റെ ആശയങ്ങൾ പ്രചരിപ്പിച്ചത്
എങ്ങനെയാണ്?
ജനങ്ങൾക്കിടയിൽ സമത്വചിന്തയും
മതസൗഹാർദ്ദവും വളർത്താൻ കബീറിന്റെ
ആശയങ്ങൾ എത്രത്തോളം സഹായിച്ചു?
ചർച്ച
സൂചകങ്ങൾ
കബീറിന്റെ ദോഹകൾ ജനങ്ങളെ എങ്ങനെ
സ്വാധീനിച്ചു?
ഹിന്ദു മുസ്ലിം സാഹോദര്യത്തെക്കു റിച്ചുള്ള
കബീറിന്റെ കാഴ്ചപ്പാട്
കബീറിന്റെ സാമൂഹിക കാഴ്ചപ്പാട്
കബീറിന്റെ ആശയങ്ങൾ സാമൂഹ്യവും
മതപരവുമായ പ്രവർത്തനങ്ങൾ മധ്യകാല
ഇന്ത്യയിൽ ഒരു സാംസ്കാരിക സമന്വയത്തിന്
തുടക്കം കുറിച്ചു. സാധൂകരിക്കുക.
' കബീറിന്റെ ആശയങ്ങളും സന്ദേശങ്ങളും '
റോൾ പ്ലേ അവതരണം
**പ്രവർത്തനക്കാർഡ് -2** വിതരണം
പൂരിപ്പിക്കൽ
പേജ് 30 വായന
കബീറിന്റ ദോഹയും, കഥാസന്ദർഭങ്ങളും
വായിച്ചല്ലോ. നിങ്ങൾ കണ്ടെത്തിയ കാര്യങ്ങൾ
കൂട്ടിച്ചേർക്കൂ...
ജനങ്ങൾക്കിടയിൽ സമത്വചിന്തയും
മതസൗഹാർദ്ദവും വളർത്താൻ കബീറിന്റെ
ആശയങ്ങൾ എത്രത്തോളം സഹായിച്ചു?
ചർച്ച

visit: https://textbooksall.blogspot.com/

Downloaded from: https://textbooksall.blogspot.com/

| | |
|---|---|
| കബീറിന്റെ ദോഹകൾ ജനങ്ങളെ എങ്ങനെ സ്വാധീനിച്ചു?<br>ഹിന്ദു മുസ്ലിം സാഹോദര്യത്തെക്കു റിച്ചുള്ള കബീറിന്റെ കാഴ്ചപ്പാട്<br>കബീറിന്റെ സാമൂഹിക കാഴ്ചപ്പാട്<br>ഗുരുനാനാക്ക് :സ്നേഹവും സഹോദര്യവും<br>പേജ് 31 കഥാഭാഗം വായന<br>ഈ കഥയിലൂടെ എന്തെല്ലാം ആശയങ്ങളാണ് നിങ്ങൾക്ക് ലഭിച്ചത്?<br>ലഘുലേഖ തയ്യാറാക്കൽ<br>പേജ് 32 വായന<br>ഗുരുനാനാക്കിന്റെ ആശയങ്ങൾ ഉൾക്കൊള്ളിച്ച് ലഘുലേഖ തയ്യാറാക്കൽ<br>പ്രദർശനം<br>കുറിപ്പ് തയ്യാറാക്കൽ<br>അവതരണം<br>ഭക്തിപ്രസ്ഥാനത്തിലെ സ്ത്രീ സാന്നിധ്യം<br>പേജ് 33 ചിത്രം പ്രദർശിപ്പിക്കുന്നു.<br>പേജ് 33 വായന<br>ഉത്തരം കണ്ടെത്തൂ..<br>മധ്യകാല സമൂഹത്തിൽ സ്ത്രീകളുടെ അവസ്ഥ എങ്ങനെയായിരുന്നു?<br>ഭക്തി പ്രസ്ഥാനത്തിലെ പ്രധാന ഭക്ത കവയിത്രികൾ ആരെല്ലാമായിരുന്നു?<br>ഭക്തിപ്രസ്ഥാനത്തിന്റെ വളർച്ചയ്ക്ക് ഇവരുടെ സംഭാവനകൾ കണ്ടെത്തുക.<br>വ്യക്തിപരമായി ഉത്തരം എഴുതൽ<br>റാൻഡം അവതരണം<br>ഭക്തിപ്രസ്ഥാനത്തിന്റെ വളർച്ചയിൽ മീരാബായ്,അക്കമഹാദേവി തുടങ്ങിയവരുടെ പങ്ക് എത്രത്തോളം സഹായകമായി?<br>ചർച്ച<br>മീരബായിയുടെ കൃഷ്ണഭജനുകളുടെ പ്രത്യേകതകൾ എന്ത്?<br>അക്കമഹാദേവിയുടെ പ്രവർത്തനങ്ങൾ മധ്യകാല സ്ത്രീ സമൂഹത്തിന് എത്രത്തോളം ഗുണകരമായിരുന്നു?<br>**പ്രവർത്തനക്കാർഡ് -3** വിതരണം<br>വ്യക്തിഗതമായി ചെയ്യൽ<br>ഭക്തിപ്രസ്ഥാനത്തിന്റെ ഫലങ്ങൾ<br>പേജ് 33,34 വായന<br>ഭക്തിപ്രസ്ഥാനത്തിന്റെ ഫലങ്ങൾ ചർച്ച<br>ക്രോഡീകരണം<br>**പ്രവർത്തനക്കാർഡ് -4** വിതരണം<br>വ്യക്തിഗതമായി ചെയ്യൽ<br>സൂഫിപ്രസ്ഥാനം<br>പാഠഭാഗം പേജ് 28 കഥാഭാഗം വായന<br>കണ്ടെത്തിയ ആശയങ്ങൾ പങ്കുവെയ്ക്കൽ<br>തുടർന്ന് പേജ് 34,35 വായന<br>ആശയഗ്രഹണത്തിന് സാധ്യമാക്കുന്ന ചോദ്യങ്ങൾ കുട്ടികൾ തയ്യാറാക്കുന്നു<br>അവതരണം<br>ചോദ്യോത്തരപ്പയറ്റ് | |

visit: https://textbooksall.blogspot.com/

Downloaded from: https://textbooksall.blogspot.com/

| | |
|---|---|
| സൂഫി പ്രസ്ഥാനത്തിന്റെ ആവിർഭാവം എവിടെയായിരുന്നു?<br>സൂഫിപ്രസ്ഥാനത്തിന്റെ ആവിർഭാവത്തിലേക്ക് നയിച്ച സാഹചര്യങ്ങൾ എന്തെല്ലാമായിരുന്നു?<br>സൂഫികൾ പ്രചരിപ്പിച്ച പ്രധാന ആശയങ്ങൾ എന്തെല്ലാം?<br>സൂഫിഗുരുവും അനുയായികളും ഏത് പേരുകളിലാണ് അറിയപ്പെട്ടിരുന്നത്?<br>സൂഫികളുടെ താമസ സ്ഥലം ഏതായിരുന്നു?<br>സൂഫികേന്ദ്രങ്ങളിൽ ആലപിച്ചിരുന്ന ഭക്തിഗാനങ്ങൾ ഏത് പേരിലാണ് അറിയപ്പെട്ടിരുന്നത്?<br>**ഡിജിറ്റൽ ഫ്ലിപ്പ് ബുക്ക്**<br>സൂഫിപ്രസ്ഥാനവുമായി ബന്ധപ്പെട്ട വിവരങ്ങൾ ശേഖരിച്ച് ടീച്ചറുടെ സഹായത്തോടെ ഫ്ലിപ്പ് ബുക്ക് തയ്യാറാക്കുന്നു.<br>**പ്രാദേശിക ഭാഷകളുടെ വളർച്ച**<br>പേജ് 36 വായന<br>ഉത്തരം കണ്ടെത്തൂ<br>മധ്യകാല ഇന്ത്യയിൽ പ്രാദേശിക ഭാഷകൾക്കുണ്ടായ ഉണർവ്വിന് സഹായിച്ച ഘടകങ്ങൾ എന്തെല്ലാം?<br>പ്രാദേശിക ഭാഷകളുടെ വളർച്ചയ്ക്ക് ഭക്തിപ്രസ്ഥാനം സഹായകമായതെങ്ങനെ?<br>കുറിപ്പ് തയ്യാറാക്കുക<br>**പ്രവർത്തനക്കാർഡ് -5** വിതരണം<br>വ്യക്തിഗതമായി ചെയ്യൽ<br>ഭക്തി സൂഫി ആശയങ്ങളുടെ സ്വാധീനം ആശയഭൂപടം ശ്രദ്ധിക്കൂ...<br>ഭക്തി- സൂഫി ആശയങ്ങളുടെ പ്രവർത്തനഫലമായി സമൂഹത്തിൽ ഉണ്ടായ മാറ്റങ്ങളിൽ ചിലത് നൽകിയിരിക്കുന്നു.<br>കൂടുതൽ ആശയങ്ങൾ കണ്ടെത്തി ആശയപടം പൂർത്തിയാക്കൂ<br>ചാർട്ട് പേപ്പറിൽ ആശയപടത്തിന്റെ രൂപരേഖ നൽകുന്നു. ഒരേ അളവിൽ ചെറിയ സ്ലിപ്പുകളായി പേപ്പർ മുറിച്ച് കുട്ടികൾക്ക് നൽകുന്നു. കുട്ടികൾ കണ്ടെത്തിയ ആശയങ്ങൾ സ്ട്രിപ്പുകളിൽ എഴുതി ചാർട്ടിൽ ഒട്ടിക്കുന്നു.<br>**പ്രവർത്തനക്കാർഡ് -6**<br>വിതരണം.<br>വ്യക്തിഗതമായി പൂരിപ്പിക്കൽ<br>തുടർ പ്രവർത്തനങ്ങൾ<br><br>ആധുനിക ഇന്ത്യയിലെ വൈവിധ്യങ്ങളെ ഐക്യപ്പെടുത്തുന്ന സമന്വയസംസ്കാരം ഉടലെടുക്കുന്നതിന് ഭക്തി- സൂഫി പ്രസ്ഥാനങ്ങൾ എങ്ങനെ സഹായിച്ചു എന്ന് ഒരു ചർച്ച സംഘടിപ്പിക്കുക.<br>ബസവണ്ണയുടെ ആശയങ്ങളും സന്ദേശങ്ങളും സ്കിറ്റ് തയ്യാറാക്കി അവതരിപ്പിച്ച സ്ക്രിപ്റ്റ് സ്കൂൾ വിക്കിയിൽ ചേർക്കുക<br>താഴെ നൽകിയിട്ടുള്ള ഭൂപടത്തിന്റെ സഹായത്തോടുകൂടി ഭക്തി -സൂഫി | |

visit: https://textbooksall.blogspot.com/

Downloaded from: https://textbooksall.blogspot.com/

| | |
|---|---|
| പ്രചാരകരുടെ ചിത്രങ്ങളും ആശയങ്ങളും ഉൾപ്പെടുത്തി ഒരു പതിപ്പ് /ഡിജിറ്റൽ ആൽബം തയ്യാറാക്കൂ | |

visit: https://textbooksall.blogspot.com/